ഭരണഭാഷ മാതൃഭാഷ

ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ,
തിരുവനന്തപുരം.

എഡി.ഡി4/119932/2018/എച്ച്.എസ്.ഇ                    തീയതി : 19.11.2018

## സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനസർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി MEDISEP - ജീവനക്കാരുടെ വിവരങ്ങൾ - സംബന്ധിച്ച്.

സൂചന:- (1) 07/08/2017 - ലെ 73/2018/എൻ.ജി നം.സർക്കുലർ.
(2) 15/11/2018ൽ ധനകാര്യ വകുപ്പ് വിളിച്ചുചേർത്ത നോഡൽ ഓഫീസർമാരുടെ മീറ്റിംഗിലെ നിർദ്ദേശങ്ങൾ.
(3) ഈ ഓഫീസിൽനിന്നുള്ള 07/11/2018ലെ ഇതേ നമ്പർ സർക്കുലർ.

സൂചന (2) (3) നിർദ്ദേശങ്ങളുടെയടിസ്ഥാനത്തിൽ MEDISEP വിവര ശേഖരണവുമായി ബന്ധപ്പെട്ട് താഴെപറയുന്ന തുടർനിർദ്ദേശങ്ങൾ ഇതുമായി ബന്ധപ്പെട്ട എല്ലാ ഹയർസെക്കന്ററി വകുപ്പ് ജീവനക്കാരുടേയും ശ്രദ്ധയിൽപെടുത്തുന്നു.

1) എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ എക്സൽ ഷീറ്റിലുള്ള വിവരങ്ങൾ ജീവനക്കാരന്റെയും ആശ്രിതരുടേയും വിവരങ്ങൾ പ്രത്യേകം ചേർത്ത ഒറ്റ എക്സൽഷീറ്റാക്കി സ്കൂളിന്റെ പേര് , ജില്ല എന്നീ ഹെഡിംഗുകൾ നൽകി anees433243@kerala.gov.in മെയിലിൽ 25/11/2018 തീയതിക്കകം അയച്ചുതരേണ്ടതാണ്.

2) എക്സൽ ഷീറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ പരമാവധി തെറ്റുകൾ ഒഴിവാക്കി ഇംഗ്ലീഷ് ബോക്ക് അക്ഷരങ്ങളിൽ തന്നെ വിവരങ്ങൾ നൽകേണ്ടതാണ്.

3) പരമാവധി ഒറ്റ എക്സൽ ഷീറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തി സമർപ്പിക്കാനും വിവരങ്ങളുടെ ആധികാരിത ഉറപ്പാക്കാനും സ്കൂൾ പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്.

4) സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലെയും, എല്ലാ ആർ.ഡി.ഡി ഓഫീസുകളിലേയും ജീവനക്കാരുടെ വിവരങ്ങൾ, സ്കൂളിന്റെ പേര്, ആർ.ഡി.ഡി ഓഫീസ്, ജില്ല എന്ന ഹെഡിംഗ് നൽകി anees433243@kerala.gov.in എന്ന മെയിൽ ഐ.ഡി യിൽ 25/11/2018 - നകം അയച്ചുതരേണ്ടതാണ്.

5) എക്സൽഷീറ്റിലെ വിവരങ്ങൾക്കാവശ്യമായ Hardcopy അതാത് ജീവനക്കാരൻ സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ഡി.ഡി.ഒ യുടെ പക്കൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. ഭാവിയിലുള്ള ഡേറ്റാ തിരുത്തലുകൾക്ക് ഇത് ആവശ്യമായിവരുന്നതാണ്.

6) ആധാർ, പാൻ നമ്പർ സംബന്ധിച്ച വിവരങ്ങൾ നിർബന്ധമായും ചേർത്തിരിക്കേണ്ടതാണ്.

7) അന്യത്രസേവനത്തിലുള്ള ജീവനക്കാരുടെ വിവരങ്ങൾ അതാതു മാതൃവകുപ്പിൽ/സ്ഥാപനത്തിൽ ഏൽപ്പിക്കാനും എക്സൽഷീറ്റിലുൾപ്പെടുത്തി സമർപ്പിക്കാനും ബന്ധപ്പെട്ട ഡി.ഡി.ഒ ശ്രദ്ധിക്കേണ്ടതാണ്.

8) KSR Rule 12 A,12B,12C പ്രകാരംശൂന്യവേതനാവധിയിലുൾപ്പെട്ടവരുടെ വിവരങ്ങൾ ഇപ്പോൾ നല്കേണ്ടതില്ല.

9) തുടർന്നുള്ള data correction-നുവേണ്ടിയും grievance redressal-നു വേണ്ടിയും ഉചിതമായ ലോഗിൻ സംവിധാനങ്ങൾ ധനകാര്യവകുപ്പിൽ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

10) ഇപ്പോൾ നടന്ന ജനറൽ ട്രാൻസ്ഫറിൽ സ്കൂൾമാറ്റം വന്നിട്ടുള്ള ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്ന സ്കൂളുകളിൽ നിന്നു വിവരങ്ങൾ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്.

11) MEDISEP മായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സംശയങ്ങൾക്കും 0471-2505851 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. MEDISEP Website-ൽ നല്കിയിട്ടുള്ള FAQ മുഖേനസംശയ നിവാരണം വരുത്താവുന്നതാണ്.

ഒപ്പ്
സീനിയർ ഫിനാൻസ് ഓഫീസർ
നോഡൽ ഓഫീസർ
MEDISEP, DHSE.